"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ല - വിജിലൻസ് മിന്നൽ പരിശോധന -മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ശിഹാബ്.എം, മുൻ സീനിയർ ക്ലർക്ക് ശ്രീമതി ലൈജ, മുൻ സീനിയർ ക്ലർക്ക് ശ്രീ.സുധീഷ് എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1677/2025/LSGD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 02/03/2022 ലെ ഇ18(എസ്.സി.18/2021/കെ.എസ്.ഡി) 9917/2021 നമ്പർ കത്ത്.
2. 11/08/2022 ലെ ഇപിബി3/47/2022/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോകൾ.
3. ശ്രീമതി ലൈജ പി 27/10/2022 ൽ സമർപ്പിച്ച എതിർവാദ പത്രിക.
4. ശ്രീ. സുധീഷ്.കെ 02/11/2022 ൽ സമർപ്പിച്ച എതിർവാദ പത്രിക.
5. ശ്രീ. ശിഹാബ്.എം 18/04/2024 ൽ സമർപ്പിച്ച എതിർവാദ പത്രിക
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/03/2025 ലെ LSGD/PD/9771/2023-VIGE4 നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് പഞ്ചായത്ത് സെക്രട്ടറി ശ്രീ. മനു ടി പി., ഓവർസിയർ ശ്രീ. ദീപേഷ് എന്നിവർ പൊതു ജനങ്ങളിൽ നിന്നും കൈക്കൂലി വാങ്ങുന്നതായും പഞ്ചായത്ത് ഇലക്ഷനിൽ വോട്ടേഴ്സ് ലിസ്റ്റിൽ നിന്നും സി.പി.ഐ.എം അംഗങ്ങളെ ഒഴിവാക്കി മറ്റുള്ളവരെ ചേർത്തു എന്നും മറ്റുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മംഗൽപാടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി അന്വേഷണത്തിൽ ബിൽഡിങ് പെർമിറ്റിനുള്ള അപേക്ഷരജിസ്റ്ററിൽ വിവരങ്ങൾ ശരിയായും വ്യക്തമായും രേഖപ്പെടുത്തി കാണുന്നില്ല, വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുന്നതിനുള്ള വിവരങ്ങൾ സുതാര്യമല്ല, ടി രജിസ്റ്ററിൽ തിരിച്ചറിയൽ കാർഡ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്താത്തതിനാൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമയത്ത് ആരെല്ലാം വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു എന്നും ആരെല്ലാം ഉൾപ്പെടാതിരുന്നു എന്നുമുള്ള വിവരം മനസ്സിലാക്കാൻ സാധിക്കുന്നില്ല എന്നീ അപാകതകൾ കണ്ടെത്തിയതായി പരാമർശം (1) പ്രകാരം റിപ്പോർട്ട്

ചെയ്തിരുന്നു. റിപ്പോർട്ടിൽ വകുപ്പുതല അച്ചടക്ക നടപടികൾ ശുപാർശചെയ്തിരുന്നു .

2. രേഖകൾ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള മേൽ അപാകതകൾക്ക് ഉത്തരവാദികളായ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.ശിഹാബ്.എം, മുൻ സീനിയർ ക്ലർക്ക് ശ്രീമതി ലൈജ, മുൻ സീനിയർ ക്ലർക്ക് ശ്രീ.സുധീഷ് എന്നിവർക്കെതിരെ സർക്കാർ KCS (CC&A) റൂൾ 16 അനുസരിച്ച് പരാമർശം (2) പ്രകാരം കുറ്റപത്രങ്ങൾ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

3. കുറ്റാരോപണ മെമ്മോയ്ക്ക് മേൽ ജീവനക്കാർ പരാമർശം (3), (4), (5) പ്രകാരം എതിർവാദ പത്രിക സമർപ്പിക്കുകയും ആയതിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ പരിശോധിച്ച് പരാമർശം (6) പ്രകാരം ചുവടെപ്പറയും പ്രകാരം അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

***ശ്രീ. ശിഹാബ് എം. മുൻ സെക്രട്ടറി*** *സമർപ്പിച്ച മറുപടിയിൽ, അപാകതകൾ കണ്ടെത്തിയതായി പറയുന്ന 15/03/2019, 16/03/2019 എന്നീ തീയ്യതികൾ ടിയാന്റെ സേവന കാലയളവ് അല്ലെന്നും 02/03/2020, 18/06/2020, 10/02/2021, 22/01/2021 എന്നീ തീയ്യതികളിൽ അവധിയിൽ ആയിരുന്നുവെന്നും 23 വാർഡുകളുള്ള മംഗൽപാടി പഞ്ചായത്തിൽ ദിവസേന കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട നിരവധി അപേക്ഷകൾ വരാറുണ്ടായിരുന്നു എന്നും അവ യഥാസമയം തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെന്നും, പഞ്ചായത്ത് തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതുമായ പ്രക്രിയകൾ നടക്കുന്ന സമയത്ത് അവധിയിലായിരുന്നുവെന്നും പ്രസ്തുത കാലയളവിൽ സെക്രട്ടറിയുടെ പൂർണ്ണ ചുമതല പരാതിയിൽ പരാമർശിച്ചിട്ടുള്ള അസി. സെക്രട്ടറി മനു. ടി.പി.-യ്ക്ക് ആയിരുന്നുവെന്നും ബോധിപ്പിച്ചിരുന്നു.*

*പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കുറ്റാരോപണ മെമ്മോയിൽ പറയുന്നത് ശരിയാണെന്ന് ബോധ്യപ്പെട്ടുവെന്നും പല കോളങ്ങളും പൂരിപ്പിക്കാതെയും ഓരോ വർഷത്തെയും Abstract തയ്യാറാക്കി ക്യാരിഓവർ ചെയ്തതായും കാണുന്നില്ലെന്നും അഴിമതി പ്രവൃത്തികൾ നടത്താൻ വേണ്ടി അപേക്ഷകൾ വെച്ച് താമസിപ്പിച്ചു എന്നതിന് പരിശോധനാ സമയത്ത് തെളിവുകൾ ലഭിച്ചിട്ടില്ലെന്നും മേൽ വിശദീകരണം സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.*

*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വോട്ടർ പട്ടിക തയ്യാറാക്കുന്നത് ബഹു.സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന്റെ സോഫ്റ്റ് വെയർ മുഖാന്തിരമാണ്. വോട്ട് ചേർക്കുന്നതിനുള്ള അപേക്ഷകൾ രേഖകൾ സഹിതം ഓൺലൈൻ ആയാണ് സമർപ്പിച്ചിരുന്നത്. അപേക്ഷകരുടെ ലിസ്റ്റ് ഹിയറിംഗ് തീയ്യതിക്ക് 7 ദിവസം മുമ്പ് പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിൽ പതിച്ച് ആക്ഷേപം ക്ഷണിച്ച് പരാതിക്കാരുണ്ടെങ്കിൽ ഫീൽഡ് തല പരിശോധന നടത്തിയും അപേക്ഷകർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ ഒപ്പ് രേഖപ്പെടുത്തിയ പ്രിന്റൗട്ടും, രേഖകളും പരിശോധിച്ച് അപേക്ഷകരെ നേരിൽ കേട്ടുമാണ് അപേക്ഷയിൽ തീർപ്പ് കല്പിക്കുന്നത്. എതിർവാദ പത്രികയിൽ വോട്ടർ പട്ടിക തയ്യാറാക്കുന്ന വേളയിൽ സെക്രട്ടറി അവധിയിൽ ആണെന്ന് പറയുന്നത് ശരിയല്ല. നടപടിക്രമം ആരംഭിക്കുന്ന സമയത്ത് അദ്ദേഹം സെക്രട്ടറിയുടെ ചുമതലയിൽ ഉണ്ടായിരുന്നു. ആയതിനാൽ സെക്രട്ടറിയുടെ എതിർവാദം പൂർണമായും അംഗീകരിക്കാൻ സാധിക്കുന്നതല്ല എന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായം അറിയിക്കുകയുണ്ടായി.*

***ശ്രീമതി. ലൈജ.പി സീനിയർ ക്ലർക്ക്*** *സമർപ്പിച്ച മറുപടിയിൽ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷകളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താറുണ്ടെന്നും പ്രസ്തുത പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് കെട്ടിട നമ്പറിനുള്ള അപേക്ഷകളുടെ വിവരങ്ങളും ചേർത്തിരുന്നതെന്നും, എന്നാൽ നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ പ്രത്യേകമായി ചേർത്തിരുന്നതു കൊണ്ട് വീണ്ടും പെർമിറ്റ് രജിസ്റ്ററിലേക്ക് പകർത്തുന്നതിന് മംഗൽപാടി ഗ്രാമപഞ്ചായത്തിലെ ജോലി ബാഹുല്യവും സമയപരിമിതി മൂലവും സാധിച്ചിരുന്നില്ലെന്നും, മംഗൽപാടി ഗ്രാമപഞ്ചായത്തിൽ 8 മാസക്കാലത്തോളം സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടന്നതും അപേക്ഷകളുടെ കാലതാമസത്തിന് കാരണമായിരുന്നതായും വോട്ടേഴ്സ് ലിസ്റ്റുമായി ബന്ധപ്പെട്ട സെക്ഷൻ ടിയാൻ കൈകാര്യം ചെയ്തിട്ടില്ല എന്നും, 'സങ്കേതം' സോഫ്റ്റ് വെയറിൽ അപേക്ഷകളുടെ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിക്കുകയുണ്ടായി.*

*കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കുറ്റാരോപണ പത്രികയിൽ പറയും പ്രകാരം എല്ലാ കോളങ്ങളും പൂർത്തിയാക്കിയിട്ടില്ലെന്നും നിലവിൽ അതേപടി നിലനിൽക്കുന്നതായും പഞ്ചായത്തിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അപേക്ഷകളുടെ ബാഹുല്യം ഉണ്ടായിട്ടുണ്ടെന്നും, പഞ്ചായത്തിലെ കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചിട്ടില്ല എന്നു കാണുന്നതായും, സെക്രട്ടറിയുടെ ചാർജ് അസിസ്റ്റന്റ് സെക്രട്ടറിക്കായിരുന്നതിനാൽ സെക്രട്ടറിയുടെ തസ്തിക ഒഴിഞ്ഞുകിടന്നത് ഫയൽ തീർപ്പാക്കാൻ കാലതാമസം ഉണ്ടാക്കി എന്ന വാദം ശരിയല്ലെന്നും പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ഷൻ സെക്ഷൻ ടിയാൾ കൈകാര്യം ചെയ്തിട്ടില്ലെന്നും ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ശ്രീമതി.രേഖ ആണ് ഇലക്ഷൻ വിഭാഗം കൈകാര്യം ചെയ്തിട്ടുള്ളതെന്നും ഇലക്ഷൻ ലോഗിൻ ലഭ്യമായിട്ടുള്ളത് സെക്രട്ടറിക്കും, ഇലക്ഷൻ സെക്ഷൻ ക്ലർക്കിനുമാണെന്നും ആയതിനാൽ വോട്ടർപട്ടിക തയ്യാറാക്കുന്ന വിഷയത്തിൽ ടിയാൾക്ക് ഉത്തരവാദിത്തമുണ്ടായിരുന്നില്ല എന്നും മേൽ വിശദീകരണത്തിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായം അറിയിച്ചിരുന്നു.*

***ശ്രീ. സുധീഷ് കെ., സീനിയർ ക്ലർക്ക്*** *സമർപ്പിച്ച മറുപടിയിൽ, മാസങ്ങളായി ഒഴിഞ്ഞു കിടന്ന ബിൽഡിങ് സീറ്റിൽ വന്ന ആൾ ഉടനടി സ്ഥലം മാറിപോയ സാഹചര്യത്തിലാണ് ടിയാൻ മംഗൽപാടി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും, കാസറഗോഡ് ജില്ലയിലെ ജനസാന്ദ്രത കൂടിയ പഞ്ചായത്തുകളിലൊന്നായ മംഗൽപാടി ഗ്രാമപഞ്ചായത്തിൽ പെർമിറ്റ്, ജമമാറ്റം, നമ്പറിങ്, ഉപയോഗക്രമം മാറ്റൽ തുടങ്ങിയ ബിൽഡിങ് സെക്ഷനുമായി ബന്ധപ്പെട്ട് ശരാശരി 80 അപേക്ഷകൾ ദിനംപ്രതി വരുമായിരുന്നുവെന്നും, ബിൽഡിങ് പെർമിറ്റ്, നമ്പറിങ് അപേക്ഷകൾ കാലഗണന ക്രമത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി മുൻഗണനാക്രമത്തിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുകയും തുടർന്ന് അന്വേഷണം പൂർത്തിയാക്കി ക്രമപ്രകാരമല്ലാതെ തിരികെ ലഭിക്കുന്ന അപേക്ഷകളിൽ മേലുദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം തുടർനടപടി സ്വീകരിക്കുകയും സാങ്കേതിക വിഭാഗത്തിൽ നിന്ന് അന്വേഷണത്തിനായി കൊടുത്ത അപേക്ഷ ക്രമപ്രകാരമല്ല ലഭിക്കുന്നത് എന്ന് മേലുദ്യോഗസ്ഥരെ ധരിപ്പിച്ചിരുന്നതായും, ബിൽഡിങ് സെക്ഷനിൽ വിവരാവകാശം, സി.എം.ഒ എന്നീ അധിക ചുമതല കൂടി തനിക്ക് നൽകിയിരുന്നതായും ശ്രീ. സുധീഷ് ബോധിപ്പിക്കുകയുണ്ടായി.*

*കെട്ടിട നിർമ്മാണ /നമ്പറിംഗ് അപേക്ഷകൾ മുൻഗണന ക്രമത്തിൽ രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുള്ളതാണെന്നും എന്നാൽ അന്വേഷണ ഉദ്യോഗസ്ഥർ കൃത്യ സമയത്ത് റിപ്പോർട്ട് നൽകാത്തതുമൂലം ഫയലുകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ സാധിച്ചിട്ടില്ലെന്നും കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിലെ എല്ലാം കോളങ്ങളും പൂർത്തിയാക്കിയിട്ടില്ലെന്നും, ടി കാലയളവിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലകൾ ജൂനിയർ സൂപ്രണ്ട് വഹിച്ചതും, അപേക്ഷകളുടെ ബാഹുല്യം, പഞ്ചായത്ത് ഇലക്ഷൻ, കോവിഡ്-19 കാരണം ലോക് ഡൗൺ എന്നിവ മൂലം ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ കാലതാമസമുണ്ടായിട്ടുള്ളതായും, കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിലെ എല്ലാം കോളങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് സെക്ഷൻ ക്ലർക്കിന്റെ ചുമതലയാണെന്നും പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ഷൻ സെക്ഷൻ ടിയാൾ കൈകാര്യം ചെയ്തിട്ടില്ലെന്നും, ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ശ്രീമതി രേഖ ആണ് ഇലക്ഷൻ സെക്ഷൻ കൈകാര്യം ചെയ്തിട്ടുള്ളതെന്നും ആയതിനാൽ വോട്ടർപട്ടിക തയ്യാറാക്കുന്ന വിഷയത്തിൽ ടിയാന്റെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായിട്ടില്ലെന്നുള്ള ടിയാന്റെ എതർവാദം അംഗീകരിക്കാവുന്നതാണ് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.*

*മംഗൽപാടി ജനസാന്ദ്രത കൂടിയ ഗ്രാമപഞ്ചായത്ത് ആയതിനാൽ പൊതുജനങ്ങളിൽ നിന്നും ധാരാളം അപേക്ഷകൾ പ്രത്യേകിച്ച് കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ്, ജമ മാറ്റം എന്നിവ കൂടുതലായി ലഭ്യമാകുന്ന ഗ്രാമപഞ്ചായത്താണിത്. ജീവനക്കാരുടെ കുറവ് കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണമായിട്ടുണ്ട്. മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ മുമ്പ് കെട്ടിട നിർമ്മാണ പെർമിറ്റ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാർ പെർമിറ്റ് രജിസ്റ്റർ ഭാഗികമായി എഴുതുകയും ടി സ്ഥിതി തുടർന്ന് വരികയും, ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാർ നിരന്തരം സ്ഥലം മാറ്റം ലഭിച്ച് മാറിപ്പോയതും മൂലം പുതുതായി ടി സെക്ഷനിൽ ചാർജ്ജ് എടുക്കുന്ന ജീവനക്കാർക്ക് ജോലിഭാരത്തിനിടയിൽ കൃത്യമായി പെർമിറ്റ് രജിസ്റ്റർ കാലികമാക്കുന്നതിന് സാധിച്ചിട്ടില്ല. ടി ജീവനക്കാർ അഴിമതി നടത്തുകയോ മന:പൂർവമായി അപേക്ഷകൾ വെച്ച് താമസിപ്പിക്കുകയോ ചെയ്തിട്ടില്ല. ശ്രീമതി ലൈജ, ശ്രീ. സുധീഷ് എന്നീ രണ്ട് ജീവനക്കാർക്കും പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സെക്ഷൻ ചുമതലകൾ ഉണ്ടായിട്ടില്ല എന്ന് പറഞ്ഞത് അംഗീകരിക്കാവുന്നതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ സെക്ഷൻ ക്ലാർക്കുമാരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച ജോലിഭാരം മൂലമാണെന്ന വസ്തുത പരിഗണിക്കാവുന്നതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.*

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മംഗൽപാടി ജനസാന്ദ്രത കൂടിയ ഗ്രാമപഞ്ചായത്ത് ആണെന്നതിനാൽ പഞ്ചായത്തിലെ ജീവനക്കാരുടെ കുറവ് മൂലവും, വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളുടെ ബാഹുല്യവും, ചാർജെടുക്കുന്ന ജീവനക്കാർ പെട്ടെന്ന് തന്നെ സ്ഥലംമാറിപ്പോകുന്നതും, മുമ്പ് കെട്ടിടനിർമ്മാണ വിഭാഗം കൈകാര്യം ചെയ്തിരുന്ന ജീവനക്കാർ കൃത്യമായ രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്താത്തത് മൂലവുമാണ് കെട്ടിട നിർമ്മാണ രജിസ്റ്റർ കാലികമാക്കുന്നതിന് സാധിക്കാതിരുന്നതെന്നും, വിജിലൻസ്

പരിശോധന റിപ്പോർട്ടിൽ രേഖകൾ സൂക്ഷിക്കുന്നതിൽ കുറ്റാരോപിതരായ ജീവനക്കാർ അഴിമതി നടത്തുകയോ മന:പൂർവമായി അപേക്ഷകൾ വെച്ച് താമസിപ്പിക്കുകയോ ചെയ്തിട്ടില്ല എന്നുമുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശറിപ്പോർട്ട് പരിഗണിച്ച്, മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി, ശ്രീ. ശിഹാബ്.എം, മുൻ സീനിയർ ക്ലാർക്ക്, ശ്രീമതി.ലൈജ, മുൻ സീനിയർ ക്ലാർക്ക്, ശ്രീ.സുധീഷ് എന്നിവർക്കെതിരെ KCS (CC&A) റൂൾ 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന **കർശന താക്കീത്** നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കാസറഗോഡ്.
5. വിജിലൻസ് (ഡി) വകുപ്പ് *(30/05/2025 തീയതിയിലെ VIG-D2/65/2022-VIG നമ്പർ കുറിപ്പ് പ്രകാരം).*
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/47/2022/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 05-07-2025 13:27:35
സെക്ഷൻ ഓഫീസർ